സംസ്ഥാനത്തിന്റെ വേൾഡ് ഹെറിട്ടേജുകൾ

*2 [332] ശ്രീ. എഴുകോൺ നാരായണൻ:
„ എ. പി. അനിൽകുമാർ:
„ എം. കെ. പോൾസൺ മാസ്റ്റർ:
„ എൻ. ശക്തൻ:
„ കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വകയായി എത്ര വേൾഡ് ഹെറിട്ടേജുകളാണുള്ള തെന്നും അത് എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഇവയുടെ ഭൂമി സംരക്ഷിക്കുവാൻ എന്തെല്ലാം ഏർപ്പാടുകളാണുള്ളത്;

(സി) പത്മനാഭപുരം കൊട്ടാരത്തിന്റെ ഭൂമിയിൽ കയ്യേറ്റമുണ്ടായിട്ടുണ്ടോ എന്നും എങ്കിൽ എത്ര ഹെക്ടർ സ്ഥലം കയ്യേറുകയുണ്ടായെന്നും വ്യക്തമാക്കാമോ;

(ഡി) ഈ കയ്യേറ്റം ഒഴിപ്പിക്കുവാൻ എന്ത് നടപടിയെടുത്തു;

(ഇ) സംസ്ഥാനത്തിന്റെ വക വേൾഡ് ഹെറിട്ടേജുകളിൽനിന്ന് സന്ദർശക ഫീസ് ഇനത്തിൽ പ്രതിവർഷം എന്ത് തുകയാണ് ലഭിക്കുന്നത്;

(എഫ്) ഈ വേൾഡ് ഹെറിട്ടേജുകളുടെ സംരക്ഷണത്തിനുള്ള ചെലവ് ഇതിൽ നിന്നും വഹിക്കുവാൻ കഴിയുന്നുണ്ടോ;

(ജി) ഇവയ്ക്ക് യുണസ്കോയുടെ ഗ്രാന്റ് കിട്ടുന്നുണ്ടോ; എങ്കിൽ അത് എത്രയാണ് എന്ന് വെളിപ്പെടുത്തുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ,

(എ) സംസ്ഥാനത്തിന്റെ അധീനതയിലുള്ള സ്മാരകങ്ങൾ ഒന്നും ലോക പൈതൃക സ്മാരകമായി പ്രഖ്യാപിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്. പത്മനാഭപുരം കൊട്ടാരത്തിന്റെ ഭൂമിയിൽ നിന്നും 15 സെന്റ് സ്ഥലം സമീപത്തുള്ള ഒരു സ്വകാര്യ വ്യക്തിയുടെ കൈവശത്തിലാണ്.

(ഡി) പ്രസ്തുത സ്ഥലം തിരിച്ചെടുക്കുന്നതിനുവേണ്ടി തമിഴ്നാട് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ, എഫ് ആന്റ് ജി) ചോദ്യം എ-യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. അനിൽകുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ സംസ്ഥാനത്തിന്റെ അധീനതയിലുള്ള സ്മാരകങ്ങളിൽ ഒന്നുംതന്നെ വേൾഡ് ഹെറിട്ടേജുകളായി പ്രഖ്യാപിച്ചിട്ടില്ല എന്ന് പറയുകയുണ്ടായി. പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള സ്മാരകങ്ങളിൽ പലതും അത്തരം നിലയിലുള്ളവയാണ്. അത്തരം സ്മാരകങ്ങളിൽ ഏതെങ്കിലും സ്മാരകങ്ങളെ വേൾഡ് ഹെറിട്ടേജ് ആയിട്ട് പ്രഖ്യാപിക്കാനുള്ള എന്തെങ്കിലും നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: സർ, പത്മനാഭപുരം കൊട്ടാരം ലോക പൈതൃക സ്മാരകമായിട്ട് പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചു വരുന്നു.

ശ്രീ. എ. പി. അനിൽകുമാർ: പുരാവസ്തു വകുപ്പിന്റെ കീഴിലുള്ളതും അല്ലാത്തതുമായ ഒട്ടനവധി ചരിത്ര സ്മാരകങ്ങൾ, ക്ഷേത്രങ്ങൾ, പള്ളികൾ, സിനഗോഗ് തുടങ്ങിയ സ്ഥാപനങ്ങൾ നമ്മുടെ കേരളത്തിലുണ്ട്. അവയിൽ പലതും പല രീതിയിൽ നശിച്ചുപോകുന്ന അവസ്ഥയാണുള്ളത്. ഇത്തരത്തിലുള്ള നമ്മുടെ പുരാതന പൈതൃക സ്മാരകങ്ങളൊക്കെ നിലനിറുത്താൻ പല പ്രയാസങ്ങളുമുണ്ട്. അതിനകത്തുള്ള മനോഹരമായ പെയിന്റിംഗുകളും ചിത്രപ്പണികളുമൊക്കെ നിലനിറുത്തണമെങ്കിൽ, പഴയ കാലത്തുള്ള പാരമ്പര്യമനുസരിച്ച് പണി ചെയ്യാനുള്ള ആളുകൾ വേണം. അവരുടെ അഭാവം ഇന്ന് വളരെയേറെയാണ്. ഏറ്റുമാനൂർ മുതലായ ക്ഷേത്രങ്ങളിലൊക്കെയുള്ള പെയിന്റിംഗുകൾ ഇല ചാലിച്ചെടുത്ത ചായം കൊണ്ടുണ്ടാക്കിയതാണെന്ന് പറയുന്നുണ്ട്. അത്തരം പെയിന്റിംഗുകൾ നിലനിറുത്തുന്നതിന്, പള്ളികളിലേയും ക്ഷേത്രങ്ങളിലേയും പെയിന്റിംഗിൽ പരിചയമുള്ള ആളുകളുണ്ടെങ്കിൽ, അത്തരം ആളുകൾക്ക് പ്രത്യേകം പരിശീലനം നൽകി ചരിത്ര സ്മാരകങ്ങളുടെ തനിമ നിലനിറുത്തുന്നതിനും കാത്തു സൂക്ഷിക്കുന്നതിനുമുള്ള നടപടികൾ എന്തെങ്കിലും ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: കേരളത്തിൽ ഇപ്പോൾ 85 പ്രൊട്ടക്ടഡ് മോണുമെന്റ്സ് ഗവൺമെന്റ് നിയമപ്രകാരം ഡിക്ലയർ ചെയ്തിട്ടുണ്ട്. ഇതിൽ 33 എണ്ണം ദേവാലയങ്ങളാണ്. ഇവിടെയുള്ള ചുവർ ചിത്രങ്ങളും മറ്റ് കാര്യങ്ങളും സംരക്ഷിക്കുവാനുള്ള സാങ്കേതികമായിട്ടുള്ള എല്ലാ സൗകര്യങ്ങളും ഗവൺമെന്റ് ചെയ്ത് കൊടുക്കുന്നുണ്ട്. ചുവർ ചിത്രങ്ങൾ സംരക്ഷിക്കാൻ വളരെ എഫക്ടീവായിട്ട് പ്രവർത്തിക്കാൻ കഴിയുന്ന ആളുകൾ ഡിപ്പാർട്ടുമെന്റിലുണ്ട്. അവരുടെ സഹായത്തോടുകൂടി ചുവർ ചിത്രങ്ങൾ സംരക്ഷിക്കുവാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: കേരളത്തിൽ ഇപ്പോൾ നമ്മളുടേതായ വേൾഡ് ഹെറിറ്റേജുകൾ സംരക്ഷിക്കാനുള്ള പ്രത്യേക നിയമം ഉണ്ടോ? ഇല്ലെങ്കിൽ അതുണ്ടാക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: കേരളത്തിൽ ഇപ്പോൾ നിയമമുണ്ട്. Kerala Ancient Monuments and Archaeological Sights and Remains Act, 1968 നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ട്. ഈ നിയമം അനുസരിച്ചുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ 22 സ്മാരകങ്ങൾ പ്രൊട്ടക്ടഡ് മോണ്യുമെന്റ്സ് ആയിട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: മറ്റ് സംസ്ഥാനങ്ങൾ ഇതേപോലെയുള്ള ചരിത്ര സ്മാരകങ്ങൾ സന്ദർശിക്കുന്നതിന് വലിയ ഫീസ് ചുമത്താറുണ്ട്. നമ്മുടെ സംസ്ഥാനത്തും ഇതേ പോലെ ഫീസ് ചുമത്തി ഇവയുടെ സംരക്ഷണത്തിനാവശ്യമായ വരുമാനം ഉണ്ടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ഈ മോണ്യുമെന്റ്സുകളിൽ എട്ടെണ്ണം സന്ദർശിക്കുന്നതിന് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ളവയെല്ലാം പ്രൊട്ടക്ടഡ് മോണ്യുമെന്റ്സായി പ്രിസർവ് ചെയ്തിരിക്കുകയാണ്. എല്ലാ പ്രൊട്ടക്ടഡ് മോണ്യുമെന്റ്സിനും ഫീസ് ഈടാക്കാൻ സാദ്ധ്യമല്ല. ആളുകൾ വന്നാൽ അവർക്ക് കാണാൻ കഴിയുന്ന വസ്തുക്കൾ പ്രദർശിപ്പിച്ചിരിക്കുന്ന മ്യൂസിയങ്ങളുണ്ട്. അത് മോണ്യുമെന്റ്സ് ആയിട്ടുത്തന്നെ വരുന്നുണ്ട്. അങ്ങനെയുള്ളതിന് മാത്രമേ ഇങ്ങനെ ഫീസ് ഈടാക്കാൻ കഴിയൂ. ന്യായമായ ഫീസ് ഈടാക്കിക്കൊണ്ട് പൊതുജനങ്ങൾക്ക് മനസ്സിലാക്കാനും അവർക്ക് കാര്യങ്ങൾ എന്താണെന്ന് ഗ്രഹിക്കാനുമുള്ള സാഹചര്യം ഗവണ്മെന്റ് സൃഷ്ടിച്ചുകൊടുത്തിട്ടുണ്ട്.

ശ്രീ. കെ. എ. ചന്ദ്രൻ: കേരളത്തിൽ നിരവധി സ്മാരകങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും ഇന്ന് നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് വേൾഡ് ഹെറിറ്റേജായി സൂക്ഷിക്കേണ്ട ഒന്നും ഇല്ലായെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഈ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് എന്ത് മാനദണ്ഡമാണുള്ളത്; അതൊന്ന് വിശദീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: വേൾഡ് ഹെറിറ്റേജ് എന്നുള്ള നിലയിൽ ഡിക്ലയർ ചെയ്യണമെങ്കിൽ അതിന്റെ പഴക്കം, പ്രത്യേകത ഇവയെല്ലാംതന്നെ പരിശോധനാവിധേയം ആക്കേണ്ടതുണ്ട്. ഇന്ത്യയിൽത്തന്നെ പതിനാറെണ്ണമേയുള്ളൂ. അതിൽ നാലെണ്ണമേ തെക്കേ ഇന്ത്യയിലുള്ളൂ. രണ്ടെണ്ണം തമിഴ്നാട്ടിലും രണ്ടെണ്ണം കർണ്ണാടകയിലും. മറ്റ് സ്റ്റേറ്റുകളിലൊന്നും ഇല്ല. പത്മനാഭപുരം കൊട്ടാരം

കന്യാകുമാരി ജില്ലയിലെ തക്കലയിലാണ്. അത് ഒരു ലോക പൈതൃക സ്ഥാപനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിനോട് ഇക്കാര്യം ശിപാർശ ചെയ്തിട്ടുണ്ട്. അവർകൂടി സ്റ്റെപ്സ് എടുക്കണം. നമുക്ക് കുറേക്കൂടി പ്രയോജനകരമായ രീതിയിൽ ഫണ്ടും മറ്റ് കാര്യങ്ങളുമൊക്കെ ലഭ്യമാക്കാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ചന്ദ്രൻ: സംസ്ഥാനത്ത് എൺപത്തിയഞ്ചിലേറെ സ്മാരകങ്ങൾ നമ്മൾ സൂക്ഷിക്കുന്നുണ്ട്. സാങ്കേതിക വിദഗ്ദ്ധൻമാരും മറ്റ് സംവിധാനങ്ങളുമൊക്കെയുണ്ടെങ്കിലും ഇവ സംരക്ഷിക്കാനും ജനങ്ങൾക്ക് ബോധവൽക്കരണം നടത്താനുമുള്ള സംവിധാനം സാമ്പത്തിക സൗകര്യം ഇല്ലായ്മകൊണ്ട് ഇല്ലെന്ന് തോന്നുന്നു. ടൂറിസത്തിന് മുൻതൂക്കം കൊടുക്കുന്ന ഈ സന്ദർഭത്തിൽ ടൂറിസവുമായി ബന്ധപ്പെട്ട് സർക്കാരിന്റേയും സാമ്പത്തിക സ്ഥാപനങ്ങളുടേയും സഹായം ഇത്തരം കാര്യങ്ങൾക്ക് വാങ്ങി എടുക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ; എങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ശ്രീ. ടി. എം. ജേക്കബ്: ടൂറിസം വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ടുതന്നെ നമ്മുടെ സംസ്ഥാനത്ത് പല പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. കിഴക്കേ കോട്ടയും അതിന്റെ പരിസര പ്രദേശങ്ങളുടെ സംരക്ഷണവും അതുപോലെ ശക്തൻ തമ്പുരാൻ പാലസും അങ്ങനെ ഒട്ടേറെ പ്രവർത്തനങ്ങൾ ടൂറിസം വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് എടുത്തിട്ടുണ്ട്. പന്ത്രണ്ട് സ്കീമുകൾ ആർക്കിയോളജി വകുപ്പും ടൂറിസം വകുപ്പും സംയുക്തമായി നടപ്പിലാക്കുന്നുണ്ട്.

ശ്രീ. മത്തായി ചാക്കോ: കേരളത്തിൽ രാജവാഴ്ച കാലത്തും അതിന് മുൻപുമുള്ള നിരവധി സ്മാരകങ്ങൾ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. അങ്ങ് ഇവിടെ പറഞ്ഞത് 85 സ്മാരകങ്ങൾ protected monuments ആയിട്ട് പ്രഖ്യാപിച്ചിട്ടുണ്ട് എന്നുള്ളതാണ്. പക്ഷേ യഥാർത്ഥത്തിൽ നമ്മുടെ കേരളത്തിലെ ആർക്കിയോളജി ഡിപ്പാർട്ടുമെന്റ് വളരെ ചെറിയ ഒരു ഡിപ്പാർട്ടുമെന്റാണ്. ഈ സ്മാരകങ്ങൾ സംരക്ഷിക്കാനാവശ്യമായിട്ടുള്ള സ്റ്റാഫോ മറ്റ് ബഡ്ജറ്ററി സപ്പോർട്ടോ ഇല്ലെന്നുള്ളത് വസ്തുതയാണ്. അപ്പോൾ കേന്ദ്ര ആർക്കിയോളജി ഡിപ്പാർട്ട്മെന്റ്, യുനെസ്കോ, സാമ്പത്തിക സഹായങ്ങൾ ചെയ്യുന്ന വോളന്ററി ഓർഗനൈസേഷൻസ് ഇവയുടെയെല്ലാം സഹകരണത്തോടുകൂടി ഗൗരവപൂർണ്ണമായ ഒരു സമീപനം ഇത്തരം സ്മാരകങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: നമുക്ക് ഒരു ഡിപ്പാർട്ടുമെന്റ് പ്രവർത്തിക്കുന്നുണ്ട്. ആ ഡിപ്പാർട്ടുമെന്റിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് കുറേ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സെൻട്രൽ ആർക്കിയോളജി ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങളുടെ

സഹായം നമുക്ക് ലഭ്യമാകുന്നുണ്ട്. ഈ സ്മാരകങ്ങളുടെ സംരക്ഷണം തീർച്ച യായിട്ടും നമുക്ക് ആവശ്യമാണ്. കാരണം വരുന്ന തലമുറകൾക്ക് എന്തായിരുന്നു കഴിഞ്ഞ കാലമെന്ന് ഓർമ്മിക്കണമെങ്കിൽ, മനസ്സിലാകണമെങ്കിൽ പുരാവസ്തുക്കൾ സംരക്ഷിക്കണം. അതുപോലെതന്നെ പുരാരേഖകളുടെ സംരക്ഷണവും ആവശ്യമാണ്. സെൻട്രൽ ഗവൺമെന്റ് ഇപ്പോൾ പഴയതിനേക്കാൾ കൂടുതൽ പ്രാധാന്യം ഈ രംഗത്ത് കൊടുത്തിട്ടുണ്ട്. നമ്മുടെ സംസ്ഥാനവും അതിനനുസരിച്ച് ക്രമീകരണം ചെയ്യുന്നുണ്ട്. പതിനൊന്നാം ധനകാര്യ കമ്മീഷന്റെ ശിപാർശയിൻമേൽ നമുക്ക് കുറേ പണം ലഭ്യമായിരുന്നു. അതുകൊണ്ട് തന്നെ കുറേയേറെ ഡിപ്പാർട്ടുമെന്റൽ ആക്റ്റിവിറ്റീസ് ഈ സംസ്ഥാനത്ത് നമുക്ക് നടത്താൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. എ. സുജനപാൽ: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ഈ പുരാതന പൈതൃക സ്വത്തുക്കൾ സംരക്ഷിക്കുന്നതിന് നിയമമുണ്ടെന്ന് പറഞ്ഞു. പക്ഷേ നമ്മുടെ നാട്ടിൽ കാണുന്ന പുരാതന പൈതൃക സ്വത്തുക്കൾ മിക്കവാറുമൊക്കെ സ്വകാര്യ മേഖലയിലും കുറേ ഗവൺമെന്റിന്റെ കൈവശവുമാണ്. പക്ഷേ ഗവൺമെന്റാണെങ്കിൽ ഇതിനെ സംബന്ധിച്ചിടത്തോളം ഒരു നയം രൂപീകരിക്കുന്നതിൽ വേണ്ടത്ര നിഷ്ക്കർഷത കാണിക്കുന്നില്ല എന്നുള്ള ഒരു പരാതിയുണ്ട്. കാരണം പഴയ മലബാർ മേഖലയിലൊക്കെ ബ്രിട്ടീഷ് കാലത്തുണ്ടായിരുന്ന പല കെട്ടിടങ്ങളും പൊളിച്ചിട്ട് കോൺക്രീറ്റ് കെട്ടിടങ്ങൾ കെട്ടാൻ വേണ്ടിയാണ് ഏറ്റവും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. അങ്ങനെയാണ് കോഴിക്കോടുണ്ടായിരുന്ന മനോഹരമായിട്ടുള്ള കളക്ടറേറ്റ് കെട്ടിടം ഇന്നാകെ അടിച്ച് പൊളിച്ചിട്ട് എൽ.ഐ.സി.-ക്ക് കൊടുത്തത്. ഗവൺമെന്റ് ഈ കെട്ടിടങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ പോലും അലംഭാവമാണ് കാണിക്കുന്നത് എന്നുള്ളത് വളരെ വ്യക്തമാണ്. അതുകൊണ്ട് പഴയ ഗവണ്മെന്റിന്റെ കെട്ടിടങ്ങൾ സംരക്ഷിക്കാൻ വേണ്ടിയുള്ള നിർദ്ദേശങ്ങളും അത് പൈതൃക പുരാതന സ്വത്തുക്കളായി സംരക്ഷിക്കാൻ വേണ്ടിയുള്ള നടപടികളും ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: നമുക്ക് നിലവിൽ ഒരു നിയമമുണ്ട്. ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ നടപടികൾ സ്വീകരിക്കാൻ കഴിയൂ. ഇപ്പോൾ സംസ്ഥാനത്ത് രണ്ട് പ്രദേശങ്ങളാണ് ഹെറിറ്റേജ് സെന്ററുകളായി നിർണ്ണയിച്ചിട്ടുള്ളത്. അത് എറണാകുളം ജില്ലയിലെ കൊച്ചി കോർപ്പറേഷനിൽപ്പെടുന്ന ഫോർട്ട് കൊച്ചിയും തിരുവനന്തപുരം കോർപ്പറേഷനിലെ കോട്ടയ്ക്കകവുമാണ്. ആ രണ്ട് പ്രദേശങ്ങളും സംരക്ഷിത മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ പൂർണ്ണമായും ശരിയല്ല. നമുക്ക് Art and Heritage Commission

LIBRARY ARCHIVES Kerala Legislative Assembly

എന്നൊരു കമ്മീഷൻ സംസ്ഥാനത്ത് നിലവിലുണ്ട്. നിയമപ്രകാരം 100 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഏത് കെട്ടിടം പൊളിക്കണമെങ്കിലും, മാറ്റണമെങ്കിലും ആ കമ്മീഷന്റെ ശിപാർശ കൂടി ആവശ്യമാണ്. മുനിസിപ്പാലിറ്റികളും പ്രധാനപ്പെട്ട കോർപ്പറേഷനുകളും പഞ്ചായത്തുകളുമെല്ലാം ഈ കമ്മീഷന്റെ പ്രവർത്തന പരിധിയിൽ വരുന്നവയാണ്. വളരെ എക്സ്പേർട്ട്സായിട്ടുള്ള ആളുകളാണ് ആ കമ്മീഷനിൽ അംഗങ്ങളായിട്ടുള്ളത്. അങ്ങനെയൊരു സ്റ്റാറ്റ്യൂട്ടറി ബോഡി നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് പഴയ കെട്ടിടങ്ങൾ, ഇപ്പോൾ സർക്കാരിന്റെ വക കെട്ടിടങ്ങളാണെങ്കിലും ശരി, സ്വകാര്യ വ്യക്തികളുടെ കയ്യിലിരിക്കുന്നവയാണെങ്കിലും ശരി 100 വർഷങ്ങളിലേറെ പഴക്കമുള്ളത് പൊളിച്ചുമാറ്റണമെങ്കിൽ ഈ കമ്മീഷന് അത് നിയന്ത്രിക്കാനും അതിൻമേൽ നിയന്ത്രണം ഏർപ്പെടുത്താനുമുള്ള അവകാശം ഇപ്പോൾ തന്നെ സംസ്ഥാനത്ത് നിലവിലുണ്ട്. പ്രത്യേകമായി ഏതെങ്കിലും കേസുകൾ ഇവരുടെ ശ്രദ്ധയിൽപ്പെടാതെ വന്നാൽ അപ്പോൾ തന്നെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അതിൻമേൽ ഈ നിയമപ്രകാരം ആവശ്യമായ നടപടി സ്വീകരിക്കാൻ കഴിയും.

ശ്രീ. കെ. കെ. ജയചന്ദ്രൻ: ഇവിടെ ദേവാലയങ്ങളും അതുപോലെയുള്ള മറ്റ് പുരാതനമായ സംവിധാനങ്ങളും നിയന്ത്രിക്കുന്നതിനെ സംബന്ധിച്ചാണ് പൊതുവിൽ പറഞ്ഞത്. ഞാൻ ചൂണ്ടിക്കാണിക്കുന്നത്, മുനിയറകളെ സംബന്ധിച്ചാണ്. അതി പുരാതനമായ കാലം മുതൽ മനുഷ്യൻ ജീവിക്കുന്ന, ഇപ്പോൾ മറയൂരൊക്കെ പോയി നോക്കിയാൽ രണ്ട് രൂപത്തിലാണ്. ഒന്ന്, വളരെ ആധുനികമായ രീതിയിൽ മനുഷ്യർ താമസിക്കുന്നു, അവിടെ നിന്ന് പത്ത്, അഞ്ഞൂറ് മീറ്റർ അകലത്തിൽ മുനിയറകളിൽ അതായത് മൂന്ന് പാറകൾ മാത്രം എടുത്തുവച്ചിട്ടുള്ള വീടുകളിലാണ് ആളുകൾ താമസിക്കുന്നത്. അങ്ങനെ രണ്ട് വിധമാണ്. ഇപ്പോൾ അതെല്ലാം കുറേയധികം നശിപ്പിച്ചിട്ട് ആ പ്രദേശങ്ങളിലാകെ വാർത്ത കെട്ടിടങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. അപ്പോൾ നമ്മുടെ പുരാതനമായിട്ടുള്ള ഈ സംവിധാനം ഇനിയെങ്കിലും നിലനിർത്താൻ വേണ്ടിയുള്ള ഏതെങ്കിലും ഇടപെടലുകൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: ഇത്തരത്തിലുള്ള സ്മാരകങ്ങളുടെ സംരക്ഷണത്തിന് നിയമം മാത്രം പര്യാപ്തമല്ല. ഇതിനകത്ത് ജനങ്ങളുടെ ഇടയിലുണ്ടാകേണ്ട ബോധവൽക്കരണവും ആവശ്യമാണ്. പലപ്പോഴും നമ്മൾ പഴമയെ നില നിർത്താനുള്ള താൽപ്പര്യം പ്രദർശിപ്പിക്കാറില്ല. ഇങ്ങനെയുള്ള കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടാൽ ഗവൺമെന്റിന് നിയമപ്രകാരം സ്വീകരിക്കാൻ കഴിയുന്ന നടപടികൾ സ്വീകരിക്കാം. ജനങ്ങളുടെ സഹകരണം കൂടി ഉണ്ടാകുക യാണെങ്കിൽ തീർച്ചയായിട്ടും നമുക്ക് ഫലപ്രദമായിട്ട് നമ്മുടെ സ്മാരകങ്ങളും പഴക്കം ചെന്ന കെട്ടിടങ്ങളുമൊക്ക സംരക്ഷിക്കാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മോഹൻകുമാർ: കേരളീയ സൗന്ദര്യ പൈതൃകത്തിന്റെ തിളങ്ങുന്ന പൈതൃകങ്ങളിലൊന്നാണ് ദാരുശിൽപ്പങ്ങൾ. അറുന്നൂറും എഴുന്നൂറും വർഷം പഴക്കമുള്ള പല ദാരുശിൽപ്പങ്ങളും പ്രത്യേകിച്ച് കാസർഗോഡ് ജില്ലയിലെ മടിയൻകോലം ക്ഷേത്രത്തെക്കുറിച്ചുള്ള വാർത്ത ഇടയ്ക്ക് പത്രത്തിൽ തന്നെ വന്നിരുന്നു. അത് അശ്രദ്ധ കൊണ്ട് ക്രമേണ നശിച്ചുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ കയ്യൊപ്പ് പതിഞ്ഞതായി വാഴ്ത്തപ്പെടുന്ന ദാരുശിൽപ്പങ്ങൾ സംരക്ഷിക്കാനും അത് വേൾഡ് ഹെറിറ്റേജിൽ ഉൾപ്പെടുത്താനും ദാരുശിൽപ്പ വിദ്യ ഈ തലമുറയ്ക്ക് കൂടി പഠിക്കാനും വേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: നമുക്ക് ആറന്മുള വാസ്തുവിദ്യാ ഗുരുകുലമുണ്ട്. അവിടെ ഒരു സെന്ററുണ്ട്. ഈ ദാരുശിൽപ്പ സംരക്ഷണത്തെ സംബന്ധിച്ചും അതിന്റെ പ്രാധാന്യത്തെ സംബന്ധിച്ചുമൊക്കെ പഠിക്കാൻ സാധിക്കും. അതിനുള്ള സംവിധാനങ്ങൾ ഇപ്പോഴുണ്ട്. അത് വേൾഡ് ഹെറിറ്റേജുമായി ബന്ധപ്പെടുത്തിക്കൊണ്ട് പോകാൻ കഴിയുമോ എന്നുള്ളത് പ്രത്യേകം പരിശോധിക്കേണ്ട കാര്യമാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് അങ്ങ് ഇവിടെ വിശദീകരിച്ചു. ചരിത്ര പ്രാധാന്യമുള്ള സ്മാരകങ്ങളിലൊന്നാണ് ബേക്കൽ കോട്ട. പുരാവസ്തു വകുപ്പാണ് അത് കൈകാര്യം ചെയ്യുന്നതും സംരക്ഷിക്കുന്നതും. എന്നാൽ പുരാവസ്തു വകുപ്പിന്റെ ഒരു ദൗർബല്യം കൊണ്ടുതന്നെ അത് സംരക്ഷിക്കാൻ ആവശ്യമായ സംവിധാനങ്ങളൊന്നും അവർക്ക് ഉണ്ടാക്കാൻ സാദ്ധ്യമല്ല. ഇപ്പോൾ ഒരു കൊല്ലം മുൻപ് അതിന്റെ ഒരു ഭാഗം അങ്ങനെതന്നെ ഇടിഞ്ഞുപോയി. എന്നാൽ അത് പുനർനിർമ്മിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ പോലും നടത്തിയിട്ടില്ല. ഇവിടെ ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കുന്നതിന് ഏറ്റവും പ്രകടമായ ദൗർബല്യമായി അനുഭവപ്പെടുന്നത് പുരാവസ്തു വകുപ്പിന്റേതാണെന്നുള്ളത് അങ്ങ് പരിഗണിക്കേണ്ടതാണ്. ബേക്കൽ കോട്ടയുടേയും അതുപോലെതന്നെ മടിയൻകോലം ക്ഷേത്രത്തിന്റെയും ഭാഗമായി നിൽക്കുന്ന വിശ്വപ്രസിദ്ധമായ ദാരുശിൽപ്പ മാതൃക സംരക്ഷിക്കാനാവശ്യമായ ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകിയില്ലെങ്കിൽ വടക്കൻ കേരളത്തിലെ പ്രത്യേകിച്ച് കാസർഗോഡ് ജില്ലയിലെ ചരിത്ര സ്മാരകങ്ങളെല്ലാം തന്നെ അതിവേഗം അന്യം നിന്നുപോകുന്ന സ്ഥിതിയുണ്ടാകും. ഇത് ഒഴിവാക്കുന്നതിനാവശ്യമായ ഒരു പ്രത്യേക പാക്കേജ് അങ്ങ് ആലോചിക്കുമോ; അത് നടപ്പിലാക്കാനാവശ്യമായ സംവിധാനമുണ്ടാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: ബേക്കൽ കോട്ടയുടെ സംരക്ഷണം ഇപ്പോൾ തന്നെ സംസ്ഥാന ഗവൺമെന്റും, കേന്ദ്ര ഗവൺമെന്റും ആർക്കിയോളജി ഡിപ്പാർട്ടുമെന്റും ടൂറിസം ഡിപ്പാർട്ടുമെന്റും സംയുക്തമായി നടപ്പിലാക്കിവരികയാണ്. അതിന് പ്രത്യേകമായ പാക്കേജുകളുമുണ്ട്. ഫലപ്രദമായി പണം വിനിയോഗിക്കുന്നില്ല എന്നുള്ള ഒരു പരാതിയാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചത്. നേരത്തെ ഒരിക്കൽ എന്നെ കണ്ട് അദ്ദേഹം ഇക്കാര്യം പറയുകയും ചെയ്തതാണ്. അതിന്റെയടിസ്ഥാനത്തിൽ കുറേ നടപടികൾ ഞങ്ങൾ സ്വീകരിച്ചിട്ടുണ്ട്. നമ്മുടെ സാമ്പത്തിക പരാധീനതയും പരിമിതികളും പല കാര്യങ്ങൾക്കും തടസ്സമായി നിൽക്കുന്നുണ്ട്. എങ്കിലും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഒരു ചരിത്ര സ്മാരകം എന്നുള്ള നിലയിൽ അവ സംരക്ഷിക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്.

ശ്രീ. കെ. സി. വേണുഗോപാൽ: വേൾഡ് ഹെറിറ്റേജുകളുടെ കൂട്ടത്തിൽ നമ്മുടെ സംസ്ഥാനത്ത് ഒന്നുമില്ലെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ പുരാവസ്തു സംരക്ഷണത്തിന്റെ ഭാഗമായി മഹാൻമാരും വിശ്വസാഹിത്യകാരൻമാരുമൊക്കെ താമസിച്ചിരുന്ന വീടുകൾ നമ്മൾ സൂക്ഷിക്കാറുണ്ട്. വിശ്വസാഹിത്യകാരനായ തകഴി ശിവശങ്കരപ്പിള്ളയുടെ തകഴിയിലെ വീടിനെക്കുറിച്ച് കാത്ത ചേച്ചി തന്നെ പലവട്ടം പരിദേവനം പറഞ്ഞു.

മി. സ്പീക്കർ: അത് ഇതിൽ വരുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: വരും. പുരാവസ്തു വകുപ്പാണ്. സാംസ്ക്കാരിക വകുപ്പുമന്ത്രിയോട് ചോദിക്കുമ്പോൾ അദ്ദേഹത്തിന്റെ വകുപ്പല്ല, പുരാവസ്തു ആണെന്നാണ് പറയുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ തകഴി ശിവശങ്കരപ്പിള്ളയെപ്പോലെയുള്ള വിശ്വസാഹിത്യകാരനായിട്ടുള്ള ഒരാളുടെ വീട് അനാഥപ്പെട്ട് പോകുന്നത് വളരെ മോശമാണ്. അത് സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ: അത് പുരാവസ്തു എങ്ങനെയാകും?

ശ്രീ. ടി. എം. ജേക്കബ്: അത് ആർക്കിയോളജി ഡിപ്പാർട്ടുമെന്റിന്റെ കീഴിലാണ് വരുന്നത്. തകഴി ശിവശങ്കരപ്പിള്ളയുടെ മരണത്തിനുശേഷം അദ്ദേഹത്തിന്റ വീട് 8,16,523 രൂപയ്ക്ക് അദ്ദേഹത്തിന്റെ സഹധർമ്മിണിയിൽ നിന്ന് ഗവൺമെന്റ് ഏറ്റെടുക്കുകയും അത് തകഴിയുടെ സ്മാരകമായിട്ട് ഡിക്ലയർ ചെയ്ത് സംരക്ഷിക്കുകയും ചെയ്യുന്നുണ്ട്. അതിന്റെ പ്രവർത്തനങ്ങൾക്കുള്ള പണത്തിന്റെ പരിമിതിയെസംബന്ധിച്ചാണ് അദ്ദേഹം ഇവിടെ സൂചിപ്പിച്ചത്. അവിടെ ഇപ്പോൾ ഒരു കീപ്പറും ഒരു സ്വീപ്പറും, അങ്ങനെ രണ്ടുപേർ മാത്രമാണുള്ളത്. തകഴിയുടെ സ്മാരകം എന്നുള്ള നിലയിൽ തകഴിയെ സംബന്ധിക്കുന്ന വിവരങ്ങൾ എല്ലാം

അവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. അതിന്റെ സംരക്ഷണം തീർച്ചയായിട്ടും നമുക്കാവശ്യമാണ്. ഗവൺമെന്റ് താല്പര്യമെടുത്ത് അത് വാങ്ങിയതാണ്. അതുകൊണ്ടുതന്നെ മുന്നോട്ടുള്ള നീക്കത്തിൽ ഗവൺമെന്റ് ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. അദ്ദേഹം പറഞ്ഞതുപോലെ.....

മി. സ്പീക്കർ: തകഴിയെപ്പോലുള്ള വിശ്വസാഹിത്യകാരന്മാരുടെ വീടുകൾ നമ്മൾ ഏറ്റെടുത്ത് മെയിന്റെയിൻ ചെയ്യേണ്ടതുതന്നെയാണ്. പക്ഷേ അത് ഒരു പുരാവസ്തു ആകുമോ?

ശ്രീ. ടി. എം. ജേക്കബ്: അല്ല സർ, അത് ആർക്കിയോളജി ഡിപ്പാർട്ടുമെന്റിന്റെ കീഴിലാണ്.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: ലോകശ്രദ്ധയാകർഷിച്ചിട്ടുള്ള പല്ലവ കാലത്തെ കോട്ടുക്കൽ ഗുഹാക്ഷേത്രം ബഹുമാന്യനായ മന്ത്രി സന്ദർശിച്ചിട്ടുള്ളതാണ്. വയൽ നടുവിൽ വളരെ ചെറിയ ഒരു പാറയിൽ വിസ്തൃതമായ രണ്ട് മുറികളും ആ മുറികളിൽത്തന്നെ ശിവലിംഗവും ഗണപതി വിഗ്രഹവുമൊക്കെ കൊത്തിയ ആ വിശ്വപ്രസിദ്ധമായ ഗുഹാക്ഷേത്രം അത് കൂടുതൽ പ്രയോജനകരമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; കേരളത്തിലെ കാർഷിക രംഗവുമായി ബന്ധപ്പെട്ടതിനാൽ പൗരാണിക കേരളത്തിലെ കാർഷിക ഉപകരണങ്ങളായ പറയും, അടി ചെരുപ്പും, തോണ്ടി ചെരുപ്പും, പല്ലുചെരുപ്പും പറകൊട്ടയും, അറകൊട്ടയും ഒന്നും ഈ സമൂഹത്തിനറിയില്ല. ഇവയെല്ലാം സംരക്ഷിക്കുന്നതിനാവശ്യമായ ഒരു മ്യൂസിയം അതിനോടനുബന്ധിച്ച് തുടങ്ങുവാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട മെമ്പറുടെ താല്പര്യപ്രകാരം ഞാൻ അവിടെ പോയിരുന്നതാണ്. അവിടെ കുറച്ചുകാര്യങ്ങൾ ചെയ്തിട്ടുണ്ട്. അങ്ങോട്ടുള്ള വഴിയും മറ്റ് സൗകര്യങ്ങളുമൊക്കെ ക്രമീകരിച്ചിട്ടുണ്ട്. ഭാവിയിൽ അതൊരു മ്യൂസിയമാക്കണമെന്ന നിർദ്ദേശമാണ് അദ്ദേഹം ഇവിടെ ഉന്നയിച്ചത്. സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് അക്കാര്യം പ്രത്യേകമായിട്ട് പരിശോധിക്കുന്നതാണ്.

ശ്രീ. രാജു എബ്രഹാം: കേരള ഗസറ്റ് പ്രകാരം നിലക്കൽ ഭാഗത്ത് ആയിരത്തോളം വർഷം ചരിത്ര പ്രാധാന്യമുള്ള പട്ടണമുണ്ടായിരുന്നുവെന്ന് ഔദ്യോഗിക പ്രസിദ്ധീകരണത്തിൽ പറയുന്നുണ്ട്. ഇപ്പോൾ പുരാവസ്തു വിഭാഗം ആ ഒരു കാര്യത്തിലേക്ക് ശ്രദ്ധപതിപ്പിച്ചിട്ടില്ല. മോഹൻചോദാരയും ഹാരപ്പയും പോലുള്ള വലിയ ചരിത്ര സ്മാരകമാക്കി മാറ്റാൻ കഴിയുന്ന ഒരു പ്രദേശമാണ്. ഇപ്പോൾ ശബരിമല ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പി.എ.സി. നിർദ്ദേശിച്ച സാഹചര്യത്തിൽ ഇതിനടുത്തുള്ള ഈ നിലക്കൽ പ്രദേശത്ത് പുരാവസ്തു വകുപ്പ് പരിവേഷണം നടത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: നിലക്കൽ വിഷയം നമുക്ക് പ്രത്യേകമായിട്ട് ആലോചിക്കാം. പ്രത്യേകമായിട്ട് ഒരു കമ്മിറ്റ്മെന്റ് അതിൽ പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. നിലക്കലിനെ സംബന്ധിച്ച് ചരിത്രപരമായ ചില പ്രാധാന്യങ്ങളുണ്ട് എന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അക്കാര്യം പ്രത്യേകമായിട്ട് പരിശോധിക്കാം.

ശ്രീ. ഉമേഷ് ചള്ളിയിൽ: എന്റെ നിയോജക മണ്ഡലത്തിലുള്ള ചരിത്ര പ്രാധാന്യമുള്ള ചേരമൻപറമ്പും ചേരമൻകോട്ടയും പഴയ മുസ്ളീം കോട്ടയും സർക്കാരിന്റെ ഭാഗത്ത് നിന്ന് യാതൊരു ശ്രദ്ധയുമില്ലാതെ നശിച്ചുകൊണ്ടിരിക്കുകയാണ്. ചേരമൻകോട്ടയിലെ പഴയ കൽക്കെട്ടുകളും പുരാതന ഗുഹകളുമൊക്കെ ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. കോട്ടയിൽ രാത്രി കാവൽക്കാരൻ ഇല്ലാത്തതിന്റെ പേരിൽ നൂറോളം ചന്ദന മരങ്ങൾ മോഷ്ടിക്കപ്പെട്ടു. പലവട്ടം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ചേരമൻ പറമ്പ് ജനങ്ങൾ കയ്യേറി അന്യാധീനപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിന്റെ സംരക്ഷണത്തിനുവേണ്ടി അനുവദിക്കപ്പെട്ട തുകയായ 20 ലക്ഷം രൂപ, 2002-03-ൽ അനുവദിച്ചത് ഇനിയും വിനിയോഗിച്ചിട്ടില്ല. കൊടുങ്ങല്ലൂരിലെ പുരാതന സ്മാരകങ്ങളോടുള്ള ഈ അവഗണന സർക്കാർ അവസാനിപ്പിക്കുമോ എന്ന് ഞാൻ ഈ അവസരത്തിൽ ചോദിക്കുകയാണ്.

ശ്രീ. ടി. എം. ജേക്കബ്: ഇതിൽ 85 എണ്ണം പ്രൊട്ടക്ടഡ് മോണ്യുമെന്റ് സായിട്ട് ഡിക്ലയർ ചെയ്തിട്ടുണ്ട്. അദ്ദേഹം പറഞ്ഞ സ്ഥാപനവും ഇതിനകത്ത് ഉൾപ്പെടുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. എന്നാലും അതിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് പ്രത്യേകമായിട്ട് നോക്കാം.

ശ്രീമതി മാലേത്ത് സരളാദേവി: പഴയ ഇന്നലെ എന്താണെന്ന് മനസ്സിലാക്കി ഇന്നിനെ പടുത്തുയർത്തുമ്പോൾ പഴയ നാലുകെട്ടും കൂത്തമ്പലങ്ങളും വരുന്ന തലമുറയ്ക്ക് കാണുവാനും അതിന്റെ പൈതൃകം മനസ്സിലാക്കാനുമായി ഏതൊക്കെ സ്ഥലങ്ങളിൽ ഉണ്ട് എന്നുള്ളത് ഒരു ഗവേഷണം നടത്തി അതിനെ ഹെറിട്ടേജിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ഞാൻ ആദ്യം ഒരു ചോദ്യത്തിന് മറുപടിയായി പറഞ്ഞു, ഇതുവരെ ഈ ഗവൺമെന്റ് 85 സ്മാരകങ്ങളാണ് പ്രൊട്ടക്ടഡ് മോണ്യുമെന്റ്സ് ആയിട്ട് ഡിക്ലയർ ചെയ്തിരിക്കുന്നത്. നിലവിൽ അതിന്

LIBRARY ARCHIVES Kerala Legislative Assembly

നിയമമുണ്ട്. അതിനൊരു കൗൺസിൽ ഇപ്പോൾ നിലവിലുണ്ട്. ആരെങ്കിലും ശ്രദ്ധയിൽപ്പെടുത്തുന്നതും സ്വമേധയാ ശ്രദ്ധയിൽ വരുന്നതുമായിട്ടുള്ള കാര്യങ്ങൾ നോക്കിയിട്ടാണ് ഡിക്ലറേഷൻ നടത്തുന്നത്. സ്വാഭാവികമായിട്ടും ഇങ്ങനെയുള്ള ചരിത്രപരമായ വളരെ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അതും ഈ നിയമമനുസരിച്ച് ഡിക്ലയർ ചെയ്യാവുന്നതേയുള്ളു.

ശ്രീ. ടി. കെ. ദേവകുമാർ: കുഞ്ചൻനമ്പ്യാരെയും മഹാകവി കുമാരനാശാനെയും ഒന്നും പുരാവസ്തുവിന്റെ പട്ടികയിൽ പെടുത്തിയില്ലെങ്കിലും എന്നെ സംബന്ധിച്ച് വിരോധമില്ല. എന്റെ ചോദ്യം കൃഷ്ണപുരം കൊട്ടാരം പുരാവസ്തു വകുപ്പിന്റെ കീഴിലുള്ളതാണ്. അത് കുറെക്കൂടി മോടി പിടിപ്പിച്ചുകൊണ്ട് സർക്കാർ സംരക്ഷിച്ചുകൊണ്ട് .....

മി. സ്പീക്കർ: പുരാവസ്തു മോടിപിടിപ്പിക്കുന്നത് എങ്ങനെയാണ്?

ശ്രീ. ടി. കെ. ദേവകുമാർ: പുരാവസ്തു മോടിപിടിപ്പിച്ച് സംരക്ഷിക്കണം.

മി. സ്പീക്കർ: മെയിന്റയിൻ ചെയ്യണം.

ശ്രീ. ടി. കെ. ദേവകുമാർ: ഞാൻ ഉദ്ദേശിച്ചത് അതാണ്, മെയിന്റയിൻ എന്ന വാക്കാണ്. മലയാളം പറഞ്ഞപ്പോൾ അർത്ഥവ്യത്യാസമുണ്ടെങ്കിൽ ക്ഷമിക്കണം. ഞാൻ ഉദ്ദേശിച്ചത് അത് മെയിന്റെയിൻ ചെയ്യുന്നതാണ്. ഇംഗ്ലീഷിൽ വലിയ പിടിയില്ലാത്തതുകൊണ്ട് മലയാളം പറഞ്ഞപ്പോൾ തെറ്റിയതാണ്. അത് മെയിന്റെയിൻ ചെയ്ത് ഒരു ടൂറിസ്റ്റ് കേന്ദ്രമായി ഒരു വേൾഡ് ഹെറിട്ടേജ് സെന്ററായി സംരക്ഷിക്കുന്നതിന് സർക്കാർ കുറെക്കൂടി ശ്രദ്ധ കേന്ദ്രീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: തകഴി സ്മാരകത്തെക്കുറിച്ച് അങ്ങ് പറഞ്ഞ പാസിംഗ് കമന്റ് ശരിയല്ല. തകഴിയുടെ വീട് ഒരു മ്യൂസിയമായി സജ്ജീകരിക്കുന്നതിനുള്ള ക്രമീകരണങ്ങളാണ് ചെയ്തിരിക്കുന്നത്. തകഴി എന്ന വിശ്വപ്രസിദ്ധനായ സാഹിത്യകാരന്റെ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ടാണ് അദ്ദേഹത്തിന്റെ വീട് നമ്മൾ എടുത്തത്. ഒരു മ്യൂസിയമായിട്ടാണ് വച്ചിരിക്കുന്നത്. ആ മ്യൂസിയത്തിന്റെ കൺട്രോൾ ഇപ്പോൾ ആർക്കിയോളജി ഡിപ്പാർട്ടുമെന്റിന്റെ കയ്യിലാണെന്ന് മാത്രമെയുള്ളു. അതാണ് ഇവിടെ വിശദീകരിച്ചത്. പിന്നെ കൃഷ്ണപുരം കൊട്ടാരത്തെ സംബന്ധിച്ച് പറഞ്ഞത്, ആർക്കിയോളജി ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ഒരു മ്യൂസിയമാണ് അത്. അവിടെ ഇപ്പോൾ തന്നെ ആളുകൾ സന്ദർശിക്കുകയും മ്യൂസിയം കാണുകയും ചെയ്യുന്നുണ്ട്. ഈ അടുത്ത കാലത്ത്, പഴയ കൊട്ടാരത്തിന്റെ തനിമ നിലനിർത്തിക്കൊണ്ട് അതിനകത്ത് കുറച്ചുകൂടി റിനവേഷൻ നടത്തിയിട്ടുണ്ട്. അത് ഭംഗിയായിട്ട് പ്രൊട്ടക്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. ചന്ദ്രമോഹൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ലോക നിലവാരത്തിലുള്ള വേൾഡ് ഹെറിട്ടേജ് സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്ത് അംഗീകരിച്ചിട്ടില്ല എന്ന് പറയുകയുണ്ടായി. വിദേശ രാജ്യങ്ങളിൽ നിന്നുള്ള സർക്കാരിന്റെ പ്രതിനിധികൾ വന്നപ്പോൾ പോലും പ്രത്യേക ശ്രദ്ധവേണമെന്ന് അക്കാര്യത്തിൽ ഗവൺമെന്റിനോട് നിഷ്ക്കർഷിച്ചിട്ടുള്ള ഏലൂർ അർണ്ണോസ് പാതിരിയുടെ സ്മാരകവും പാലിയൂർ ക്രിസ്ത്യാനി പള്ളി സ്മാരകവും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. അതുകൂടാതെ അങ്ങ് ജർമ്മനിയിൽ പര്യടനം നടത്തുന്ന കാലത്ത് തലശ്ശേരിയിലെ ഹെർമൺ ഗുണ്ടർട്ടിന്റെ സ്മാരകം ഉൾപ്പെടെയുള്ള കാര്യങ്ങൾ അവിടെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. അതിനുവേണ്ടിയുള്ള എന്തെങ്കിലും നടപടി അങ്ങ് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: ആർണ്ണോസ് പാതിരി താമസിച്ചിരുന്ന പള്ളി, ആ ഭാഗമെല്ലാം പ്രൊട്ടക്ടഡ് മോണ്യുമെന്റായിട്ട് ഡിക്ലയർ ചെയ്തിട്ടുണ്ട് ഈ അടുത്ത കാലത്ത്. അതുപോലെതന്നെ ഹെർമൺ ഗുണ്ടർട്ടിനെ സംബന്ധിച്ച് പറഞ്ഞാൽ തലശ്ശേരിയിലുള്ള കെട്ടിടം നേരത്തെതന്നെ എടുത്തിട്ടുണ്ട്. അതിപ്പോൾ കൾച്ചർ ഡിപ്പാർട്ടുമെന്റിന്റെ കീഴിലാണുള്ളത്. ഹെർമൺ ഗുണ്ടർട്ടിന്റെ ഒരു പ്രതിമ തന്നെ അവിടെ സ്ഥാപിച്ചതും അതിന്റെ കാര്യങ്ങൾ പൂർത്തീകരിച്ചതും 1991 മുതൽ 1996 വരെയുള്ള കാലഘട്ടത്തിലാണ്. അന്ന് അത് ഫലപ്രദമായിട്ട് ചെയ്തിട്ടുണ്ട്. മലയാളത്തിലെ ആദ്യത്തെ നിഘണ്ടു തയ്യാറാക്കിയ വിശ്വപ്രസിദ്ധനായ ഹെർമൻ ഗുണ്ടർട്ടിനെ ആദരിക്കാനുള്ള എല്ലാ ക്രമീകരണങ്ങളും ഗവൺമെന്റ് ഭാഗത്ത് നിന്ന് ചെയ്തിട്ടുണ്ട്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: നമ്മുടെ സംസ്ഥാനത്ത് രണ്ട് പൈതൃക കേന്ദ്രങ്ങളിൽ ഒന്നായ ഫോർട്ട്കൊച്ചി എന്റെ നിയോജകമണ്ഡലത്തിലാണ്. അവിടുത്തെ ജനങ്ങൾക്കുള്ള ഒരു ബുദ്ധിമുട്ട് ചെറിയ ചെറിയ വീടുകളോ കച്ചവടസ്ഥാപനങ്ങളോ പുതുക്കി പണിയുന്നതിനോ നിർമ്മിക്കുന്നതിനോ സാധിക്കുന്നില്ല, മാത്രമല്ല ഗവൺമെന്റ് കെട്ടിടംപോലും നിർമ്മിക്കുന്നതിന് ഈ സ്കീം കാരണം സാധിക്കുന്നില്ല. അതിനുവേണ്ടി ഒരു സമിതിയുണ്ട്. ആ സമിതി കൂടാറില്ല. ആ സമിതി അടിക്കടി കൂടാനുള്ള ഒരു സംവിധാനം ഉണ്ടാക്കാൻ ഗവൺമെന്റ് തീരുമാനിക്കുമോ; ആ സമിതിയുടെ ഘടന വ്യക്തമാക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ഇതാണ് പ്രശ്നം. അതായത്, ആളുകൾക്ക് ഇപ്പോൾ ആവശ്യം എന്താണെന്നുവച്ചാൽ പഴയ കെട്ടിടങ്ങളൊക്കെ ഇടിച്ചുകളഞ്ഞ് അവിടെ കോൺക്രീറ്റ് സൗധങ്ങൾ പടുത്തുയർത്തണമെന്നുള്ളതാണ്. ഫോർട്ട് കൊച്ചി ഏരിയ എന്നുപറയുന്നത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാം,

LIBRARY ARCHIVES Kerala Legislative Assembly

ചരിത്രപരമായി എത്രയോ പ്രാധാന്യമുള്ളതാണ്. അതുകൊണ്ടാണ് ഗവണ്മെന്റ് ഫോർട്ട് കൊച്ചിയേയും കിഴക്കേകോട്ടയേയും രണ്ട് ഹെറിറ്റേജ് സെന്ററുകളാക്കി പ്രഖ്യാപിച്ചിരിക്കുന്നത്. അവിടെ കെട്ടിടങ്ങൾ ഇടിച്ചുകളയാൻ ഗവണ്മെന്റ് സമ്മതിക്കുകയില്ല. കാരണം അതിന്റെ ചരിത്ര പ്രാധാന്യം അത്രയ്ക്കുണ്ട്. അതുകൊണ്ട് അതിന്റെ ഓണർഷിപ്പൊന്നും ഗവണ്മെന്റ് ഏറ്റെടുത്തിട്ടുമില്ല. അവർക്ക് അത് ഭദ്രമായി സൂക്ഷിക്കാം. അതിന്റെ തനിമ നിലനിർത്തണമെന്നു മാത്രമേയുള്ളൂ. വേറെ നിയന്ത്രണങ്ങളൊന്നും ഗവണ്മെന്റ് ഏർപ്പെടുത്തിയിട്ടില്ല. പിന്നെ അവരുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് അനുസരിച്ച് കെട്ടിടം നിർമ്മിക്കാൻ സമ്മതിക്കില്ല. അങ്ങനെ നമ്മൾ വിട്ടുകൊടുത്താൽ പിന്നെ ഫോർട്ട് കൊച്ചിയും കിഴക്കേകോട്ടയും കാണില്ല. കിഴക്കേകോട്ട തന്നെ ഇപ്പോൾ സംരക്ഷിച്ച് അതിലെ കോട്ടകളെല്ലാം പുനരുദ്ധരിച്ചു. എല്ലായിടത്തും കയ്യേറ്റമുണ്ടായിരുന്നു. അതെല്ലാം മാറ്റി കോട്ടയോട് ചേർന്ന് ചുറ്റും നടക്കാനുള്ള സൗകര്യമുണ്ട്. ഈ അടുത്ത കാലത്ത് കിഴക്കേകോട്ടയുടെ സമീപത്തുണ്ടായിരുന്ന കച്ചവടക്കാരെ ഒഴിപ്പിച്ചശേഷം അവിടെ നമ്മൾ നിർമ്മിച്ചു കൊടുത്ത 23 കടകൾ, അതെല്ലാം വളരെ ആർക്കിയോളജിക്കലായി ചരിത്രപരമായ ഭംഗി നിലനിർത്തത്തക്ക നിലയിലാണ് ചെയ്തുകൊടുത്തിരിക്കുന്നത്. ആളുകൾക്ക് യഥേഷ്ടം വിഹരിക്കാനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കാൻ സാദ്ധ്യമല്ല.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ മയൂര സന്ദേശത്തിൽ വിശദീകരിക്കുന്ന ഒരു പുരാതന ക്ഷേത്രമാണ് എന്റെ മണ്ഡലത്തിലെ ചേന്നമത്ത്മന മഹാദേവർ ക്ഷേത്രം. ഇത് പുരാവസ്തു വകുപ്പ് സംരക്ഷിക്കുമെന്ന് പ്രസ്താവിച്ചിരുന്നതാണ്. അതിന് കുറെ പദ്ധതികളും തയ്യാറാക്കിയതായി എനിക്ക് ചോദ്യത്തിന് ഉത്തരം ലഭിക്കുകയുണ്ടായി. സാധാരണ കേരളീയ രീതിയിൽ നാലുകെട്ട്, എട്ടുകെട്ട് ശൈലിയിലുള്ള ഒരു ക്ഷേത്രമല്ല അത്. പക്ഷേ അത് സംരക്ഷിക്കപ്പെടുന്നതിന് വേണ്ടിയുള്ള നടപടികൾ പുരാവസ്തു വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്വീകരിക്കാൻ വൈകുകയാണ്. അത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. ടി. എം. ജേക്കബ്: കൊല്ലം ജില്ലയിൽ നാലെണ്ണമാണ് പ്രൊട്ടക്ടഡ് മോണ്യുമെന്റ് സായി ഡിക്ലെയർ ചെയ്തിരിക്കുന്നത്. അദ്ദേഹം ഇവിടെ പറഞ്ഞ ചേന്നമത്ത്മന ടെമ്പിളും ചാത്തന്നൂരിന് അടുത്തുള്ള 32 സെന്റ് സ്ഥലവും ബാക്കിയുള്ള അതിന്റെ സ്ട്രക്ചറുമെല്ലാം ഗവണ്മെന്റ് ഏറ്റെടുത്തുകൊണ്ട് സംരക്ഷിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ സംരക്ഷണത്തിനാവശ്യമുള്ള പണവുമുണ്ട്. അതിനുവേണ്ട ക്രമീകരണങ്ങൾ ഗവണ്മെന്റ് ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. യു. രാധാകൃഷ്ണൻ: സർക്കാർ ഏറ്റെടുത്ത ഒരുപാട് ചരിത്രസ്മാരകങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. ജൂതന്മാർ ഇൻഡ്യയിൽ കടന്നുവന്നപ്പോൾ അവരുടെ ആവാസസ്ഥലമായി ആദ്യം തെരഞ്ഞെടുത്ത പ്രദേശം മാളയാണ്. ഇപ്പോഴും അവരുടെ ഒരു മോസ്ക്കും ശ്മശാനവും അവിടെ നിലനിൽക്കുന്നുണ്ട്. അത് പഞ്ചായത്തിനോ ഗവണ്മെന്റിനോ വിട്ടുകൊടുക്കാനുള്ള ഡിക്ലറേഷൻ അവർ പണ്ട് പുറപ്പെടുവിച്ചിരുന്നു. പക്ഷേ അത് നശിച്ചുകൊണ്ടിരിക്കുന്നു. ഗവണ്മെന്റ് ഇപ്പോൾ ഏറ്റെടുത്തിട്ടില്ല എങ്കിൽ ആ മോസ്ക്കും ശ്മശാനവും കൂടി ഏറ്റെടുത്ത് സ്മാരകമായി സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. ടി. എം. ജേക്കബ്: തൃശ്ശൂർ ജില്ലയിലെ 23 സ്മാരകങ്ങൾ പ്രൊട്ടക്ടഡ് മോണ്യുമെന്റ് സായി ഡിക്ലെയർ ചെയ്തിട്ടുണ്ട്. ഒരു നീണ്ട ലിസ്റ്റായതുകൊണ്ട് നോക്കി പറയണം. അദ്ദേഹം ഇവിടെ പറഞ്ഞ ഈ പ്രത്യേക സ്ട്രക്ചർ പ്രൊട്ടക്ടഡ് മോണ്യുമെന്റായി ഏറ്റെടുത്തതായി ഇതിൽ കാണുന്നില്ല. ഞാൻ ഒന്നുകൂടി പ്രത്യേകമായി പരിശോധിക്കാം.

ശ്രീ. പിരപ്പൻകോട് മുരളി: ഭോപ്പാലിലെ ഹെറിറ്റേജ് മ്യൂസിയവും അതുപോലെ ഇടപ്പള്ളിയിലെ കേണൽ മാധവൻനായരുടെ മ്യൂസിയവും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. അത്തരത്തിൽ കേരളത്തിന്റെ കല, സംസ്കാരം, ചരിത്രം ഇവയുടെ ഒരു മിനിയേച്ചർ കേരളീയരടക്കം കേരളീയരല്ലാത്ത ആർക്കും വന്നു കാണാൻ കഴിയുന്ന തരത്തിൽ ഒരു മ്യൂസിയം പ്ലാൻ ചെയ്യാൻ അങ്ങ് ശ്രദ്ധിക്കുമോ? വെറും പ്രാഗ്മാറ്റിക് ആകാതെ നമ്മുടെ രാജ്യത്തിന്റെ സംസ്കാരവും ചരിത്രവുമൊക്കെ ഭാവി തലമുറയ്ക്കുകൂടി മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ, ഭോപ്പാലിലേത് കണ്ടിരിക്കുമല്ലോ. വളരെ പ്രധാനപ്പെട്ട മിക്കവാറും ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളുടേയും മിനിയേച്ചർ അവിടെയുണ്ട്. അതിന്റെ സംസ്കാരം, രീതി, ജീവിതശൈലിയൊക്കെയുണ്ട്. അത്തരത്തിൽ ഒരു കാര്യം പ്ലാൻ ചെയ്യാൻ അങ്ങ് ശ്രദ്ധിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ഇപ്പോൾ കേരളത്തിൽ തൃപ്പൂണിത്തുറ ഹിൽ പാലസിൽ ഒരു ഹെറിറ്റേജ് മ്യൂസിയമുണ്ട്. അതിന്റെ ഒന്നാം ഘട്ടം കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ അദ്ദേഹം അത് ഉദ്ഘാടനം ചെയ്തു. അതിന്റെ ഫസ്റ്റ് ഫേസ് ഞങ്ങൾ ഉദ്ഘാടനം ചെയ്തു. അതിൽ കേരളത്തിന്റെ സാംസ്കാരിക പൈതൃകം പുറത്തുനിന്നു വരുന്ന ആളുകൾക്ക് ബോദ്ധ്യമാകുന്ന തരത്തിൽ വളരെ ഭംഗിയായി ക്രമീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ അവിടെ സന്ദർശിച്ചിട്ടുണ്ടോയെന്ന് എനിക്ക് അറിയില്ല.

ഇൻഡ്യയിലെ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് നമുക്ക് ശേഖരിക്കാൻ കഴിയുന്ന കാര്യങ്ങളും കേരളത്തിന്റെതായ കുറെക്കൂടി ഇനങ്ങളും കൂട്ടിച്ചേർത്ത് അതിന്റെ സെക്കൻഡ് ഫേസിന്റെ പൂർത്തീകരണം വളരെ വേഗതയിൽ ഗവണ്മെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. തൃപ്പൂണിത്തുറ ഹിൽ പാലസിലാണ് ഈ ഹെറിറ്റേജ് മ്യൂസിയം നമ്മൾ ഡെവലപ്പ് ചെയ്തിരിക്കുന്നത്. അത് വളരെ ഭംഗിയായി മുന്നോട്ട് കൊണ്ടുപോകാൻ ഗവണ്മെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. കളത്തിൽ അബ്ദുള്ള</u>: നമ്മുടെ സമൂഹത്തിലെ ഏറ്റവും പ്രാചീന സമൂഹമാണ് ഗോത്രവർഗ്ഗം. തനതായ സംസ്കാരം, കല അതുപോലെ വൈദ്യരീതി, പ്രത്യേകമായ വാദ്യോപകരണങ്ങൾ, സ്വന്തമായി ഏത് മേഖലയിലും കിടപിടിക്കുന്ന ചികിത്സാ രീതി, നാടൻ പാട്ടുകൾ ഒക്കെ ആ സമൂഹത്തിന്റെ സവിശേഷതയാണ്. കുറുതല, മണ്ണൂർക്കാരൻ, പണ്ടാരി, മൂപ്പൻ തുടങ്ങിയ ഒരുപാട് സോഷ്യൽ സിസ്റ്റം ആ വിഭാഗത്തിനിടയിലുണ്ട്. പക്ഷേ കേരളത്തിന്റെ മലമേഖലയിൽ താമസിക്കുന്ന ഗോത്രവർഗ്ഗ വിഭാഗത്തിന്റെ തനതായ സംസ്ക്കാരവും മറ്റും സംരക്ഷിക്കാൻ ആർക്കിയോളജിക്കൽ വകുപ്പും സാംസ്കാരിക വകുപ്പും പട്ടികവർഗ്ഗ വകുപ്പും സമന്വയിപ്പിച്ച് ഒരു തീരുമാനമുണ്ടാക്കാൻ ഒരു സീനിയർ മിനിസ്റ്റർ എന്ന നിലയിൽ അങ്ങ് നേതൃത്വപരമായ പങ്ക് വഹിക്കുമോ?

<u>ശ്രീ. ടി. എം. ജേക്കബ്</u>: ഇതിൽ ഒരുപാട് ഇഷ്യൂസ് വന്നിട്ടുണ്ട്. നമുക്ക് തനത് കലകളുണ്ട്. അതുകൊണ്ട് പഴയ കലകളെ സംരക്ഷിക്കാൻ വേണ്ടി ഒരു അക്കാഡമി കണ്ണൂരിൽ തന്നെ സ്ഥാപിച്ചിട്ടുണ്ട്. അവരാണ് ഇക്കാര്യത്തിൽ ഇനിഷ്യേറ്റീവ് എടുക്കേണ്ടത്. എന്തായാലും ഇക്കാര്യങ്ങളെല്ലാം നമുക്ക് എല്ലാവർക്കും താല്പര്യമുള്ളതാണ്. എന്തുചെയ്യാൻ കഴിയുമെന്നുള്ളത് കൂട്ടായി ആലോചിക്കാം.

<u>ശ്രീ. ഡി. സുഗതൻ</u>: തകഴി സ്മാരകത്തെക്കുറിച്ച് ചില പരാമർശങ്ങൾ വന്നതുകൊണ്ടാണ് ഞാൻ ഈ ചോദ്യം ചോദിക്കുന്നത്. എന്റെ മണ്ഡലത്തിലാണ് തകഴി എന്ന സ്ഥലവും സ്മാരകവും സ്ഥിതിചെയ്യുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ വിലകൊടുത്താണ് ആ സ്ഥലം വാങ്ങിയത്. കാത്ത ചേച്ചി ഇപ്പോൾ ഒരു രൂപ വാടകയ്ക്കോ മറ്റോ ആണ് അവിടെ താമസിക്കുന്നത്. സ്റ്റാഫിനെ കൊടുക്കുന്നുവെങ്കിലും തികഞ്ഞ അവഗണനയാണ്. പരാതി കേട്ടുകേട്ട് ഞങ്ങളെല്ലാം മടുത്തു. ഒരു പ്രോജക്ട് പ്രഖ്യാപിച്ചിരുന്നതാണ്. അത് നടപ്പാക്കുന്നതിനുള്ള നടപടി ഉണ്ടായിട്ടില്ല. മന്ത്രി അവിടെവരെ ഒന്നുവരണം. കാത്ത ചേച്ചിയുടെ ഒരു പ്രധാനപ്പെട്ട ആഗ്രഹം മന്ത്രി അവിടെ വരണമെന്നുള്ളതാണ്. അവിടെ വന്നിട്ട് അവിടത്തെ സാംസ്കാരിക പ്രവർത്തകന്മാരുമായി നമ്മളെല്ലാവരും കൂടി അവിടെ കൂടാം. അങ്ങ് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്ത് എന്തെങ്കിലും തീരുമാനമെടുക്കാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: ഞാൻ അവിടെ വരാം. വന്ന് എല്ലാവരെയും വിളിച്ചുകൂട്ടി ഡിസ്ക്കസ് ചെയ്യാം.

ശ്രീ. വർക്കല കഹാർ: ഇതിഹാസ കാലം മുതൽ സ്കന്ദപുരാണത്തിലും അതോടൊപ്പം കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ മയൂരസന്ദേശത്തിലും പാപനാശം ക്ലിഫുകൾ വർണ്ണിക്കുന്നുണ്ട്. ഈ ക്ലിഫുകളും പൗരാണിക ശിൽപകലാ വിസ്മയമായ വർക്കല തുരങ്കങ്ങളും പുരാവസ്തുക്കളിൽ ഉൾപ്പെടുത്തി സംരക്ഷിക്കാൻ നടപടിയെടുക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: കേരളത്തിന്റെ ഒരു പ്രത്യേകത എന്നുപറയുന്നത് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിക്കുന്ന ഈ അഭിപ്രായങ്ങൾതന്നെയാണ്. നമുക്ക് വലിയൊരു പൈതൃകമുണ്ട്. അത് സംരക്ഷിക്കാനുള്ള നടപടി നമ്മൾ സ്വീകരിക്കുന്നുണ്ട്. കുറച്ചുകൂടി ഫലപ്രദമായി ചെയ്യാനുള്ള കൂട്ടായ ശ്രമം നമുക്കൊരുമിച്ച് നടത്താം. അദ്ദേഹം പറഞ്ഞ കാര്യങ്ങളെല്ലാം വസ്തുതാപരമാണ്. ഞാൻ ഒന്നും നിഷേധിക്കുന്നില്ല.

ആദിവാസികൾക്കായി അടിസ്ഥാനാവശ്യനിർവ്വഹണ പാക്കേജ് പദ്ധതി

*3 [333] ശ്രീ. എം. വി. ജയരാജൻ:
,, കെ. രാധാകൃഷ്ണൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കായി അടിസ്ഥാനാവശ്യ നിർവ്വഹണ പാക്കേജ് പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇപ്രകാരം ഒരു പദ്ധതി മുൻവർഷത്തെ ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ടായിരുന്നോ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതിയുടെ ഭാഗമായി ആദിവാസികൾക്ക് എന്തെല്ലാം അടിസ്ഥാന നിർവ്വഹണ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഏത് ഏജൻസികൾ വഴിയാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്; എന്ത് തുക ഇതിനായി ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായി; എന്ത് തുക ചെലവഴിച്ചു;

(ഇ) ഈ പാക്കേജിന്റെ ഭാഗമായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?